# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 501

21-10-2011-ൽ മറുപടിക്ക്

## വൈദ്യുതി നിലയങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ. ബാലൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ദേശീയാടിസ്ഥാനത്തിൽ വൈദ്യുതിക്ക് വിലകുറയുന്ന സന്ദർഭം ഏതാണ്; | (എ) | തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്ന ജൂലയ് മുതൽ സെപ്തംബർ വരെയുള്ള കാലയളവിലാണ് ജലവൈദ്യുതോൽപ്പാദനം കൂടുന്നതും അതുമൂലം കമ്പോളത്തിൽ താരതമ്യേന വൈദ്യുതി നിരക്കുകൾ കുറയുന്നതും ആയി കണ്ടുവരുന്നത്. |
| (ബി) ഈ സന്ദർഭത്തിൽ സ്വന്തം വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം പരമാവധി കുറച്ചുകൊണ്ട് പുറത്തുനിന്നും കുറഞ്ഞ വിലയ്ക്കുള്ള വൈദ്യുതി വാങ്ങിയിരുന്ന മുൻസർക്കാരിന്റെ നിലപാട് തുടർന്നും സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) | ദേശീയാടിസ്ഥാനത്തിൽ വൈദ്യുതിക്ക് വില കുറയുന്ന സന്ദർഭത്തിൽ ബോർഡിന്റെ വൈദ്യുതനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം പരമാവധി കുറച്ചുകൊണ്ട് പുറത്തുനിന്നും കുറഞ്ഞ വിലയ്ക്കുള്ള വൈദ്യുതി വാങ്ങുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന സന്ദർഭങ്ങളിലെല്ലാം പുറത്തുനിന്ന് പരമാവധി വൈദ്യുതി ലഭ്യമാക്കാനും കേരളത്തിലെ താപ നിലയങ്ങളിലും സംഭരണശേഷിയുള്ള ജല വൈദ്യുതി നിലയങ്ങളിലും ഉൽപ്പാദനം കുറയ്ക്കുവാനും ബോർഡ് എല്ലാകാലത്തും പ്രത്യേക ശ്രദ്ധ പുലർത്തിവരുന്നുണ്ട്. |
| (സി) ഏറ്റവും അനുയോജ്യമായ സമയത്തേക്ക് വൈദ്യുതി നിലയങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ ക്രമീകരിക്കാനും ഈ സമയം ഉല്പാദനം പരമാവധി കുറയ്ക്കാനും അതു വഴി ബോർഡിന്റെ നഷ്ടം കുറയ്ക്കാനും തയ്യാറാകുമോ; | (സി) | ദൈനംദിന വൈദ്യുതി ആവശ്യകതയും വെള്ളത്തിന്റെ ലഭ്യതയും സംബന്ധിച്ച കണക്കുകൾ യഥാവിധി പരിശോധിച്ച് ഉൽപ്പാദനം കുറവുവേണ്ട സമയം നോക്കിയാണ് ജലവൈദ്യുതി നിലയങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ ക്രമീകരിക്കുന്നത്. സംഭരണ ശേഷി കൂടുതലുള്ള ജല സംഭരണികളുള്ള നിലയങ്ങളിലെ ജനറേറ്ററുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ മഴക്കാലത്തും, സംഭരണ |

| | | |
|---|---|---|
| | | **ശേഷി കുറഞ്ഞ സംഭരണികളുള്ള നിലയങ്ങളിലെ ജനറേറ്ററുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ വേനൽക്കാലത്തും ചെയ്ത് ജലം പാഴായി പോകാതെയും, ഉല്പാദനം പരമാവധി വർദ്ധിപ്പിച്ചും ബോർഡിന് ഏറ്റവും മെച്ചമായ സാമ്പത്തിക വരുമാനം ഉറപ്പു വരുത്തുന്ന രീതിയിലാണ് അറ്റകുറ്റപണികൾ ക്രമീകരിച്ചിരിക്കുന്നത്.** |
| (ഡി) | **ഇപ്പോൾ സംഭവിച്ചതായി ആക്ഷേപമുള്ള ആസൂത്രണത്തിലെ പിഴവുകൾ ഇനിയും ആവർത്തിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?** | (ഡി) **ആസൂത്രണത്തിൽ പിഴവ് സംഭവിച്ചിട്ടില്ല.** |

**സെക്ഷൻ ഓഫീസർ**